**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4221** **06-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി കരാറുകാരുടെ കുടിശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2018 മുതൽ കരാറിലേർപ്പെട്ട് പൂർത്തീകരിച്ച നിരവധി കിഫ്ബി പ്രവൃത്തികളുടെ പണം കുടിശികയുണ്ടെന്നുള്ള കരാറുകാരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് കരാറുകാർ ബില്ലുകൾ തയാറാക്കി സമർപ്പിക്കുന്നത് പദ്ധതിയുടെ എഗ്രിമെന്റ് അതോറിറ്റി കൂടിയായ അതാത് എസ്.പി.വി കൾക്കാണ്. പ്രസ്തുത ബില്ലുകൾ എസ്.പി.വി.കൾ വിശദമായി പരിശോധിച്ചതിന് ശേഷം പണം അനുവദിച്ചു കൊണ്ടുള്ള നടപടിക്രമത്തോടൊപ്പമാണ് കിഫ്ബിയിൽ സമർപ്പിക്കുന്നത്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ ഓരോ ദിവസത്തെയും സ്ഥിതി കിഫ്ബി സി.ഇ.ഒ തലത്തിൽ വിശകലനം ചെയ്യുകയും അവയിന്മേൽ സമയ ബന്ധിതമായി പണം നൽകുകയും ചെയ്ത് വരുന്നുണ്ട്. കിഫ്ബി വഴി നിർമാണം പൂർത്തീകരിച്ചതിന് ശേഷവും കരാറുകാർക്ക് പണം ലഭിക്കുന്നില്ലെന്ന ആക്ഷേപം കരാറുകാർ ഉന്നയിക്കുന്നതായി കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് വിശദമായി പരിശോധിച്ചതിൽ നിന്നും പദ്ധതികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലുകളിലും, കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം നൽകുന്ന ഒബ്സെർവേഷൻ മെമ്മോകളിലും അതത് പദ്ധതി നിർവഹണ ഏജൻസികൾ സമയബന്ധിതമായി നടപടികൾ എടുക്കാത്തതിനാൽ ചില കാലതാമസങ്ങളുണ്ടായതായി കണ്ടെത്തുകയും, ഇത് പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ പദ്ധതി നിർവഹണ ഏജൻസികൾക്ക് നൽകുകയും അതനുസരിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (ബി) | പ്രവൃത്തികൾ പൂർത്തിയാക്കി 3 വർഷം കഴിഞ്ഞിട്ടും ബില്ലുകൾ പാസാകുന്നില്ല എന്നത് | (ബി) | കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് കരാറുകാർ ബില്ലുകൾ തയാറാക്കി സമർപ്പിക്കുന്നത് പദ്ധതിയുടെ എഗ്രിമെന്റ് അതോറിറ്റി കൂടിയായ അതാത് |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | | എസ്.പി.വി കൾക്കാണ്. പ്രസ്തുത ബില്ലുകൾ എസ്.പി.വി.കൾ വിശദമായി പരിശോധിച്ചതിന് ശേഷം പണം അനുവദിച്ചു കൊണ്ടുള്ള നടപടിക്രമത്തോടൊപ്പമാണ് കിഫ്ബിയിൽ സമർപ്പിക്കുന്നത്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ ഓരോ ദിവസത്തെയും സ്ഥിതി കിഫ്ബി സി.ഇ.ഒ തലത്തിൽ വിശകലനം ചെയ്യുകയും അവയിന്മേൽ സമയ ബന്ധിതമായി പണം നൽകുകയും ചെയ്ത് വരുന്നുണ്ട്. കിഫ്ബി വഴി നിർമാണം പൂർത്തീകരിച്ചതിന് ശേഷവും കരാറുകാർക്ക് പണം ലഭിക്കുന്നില്ലെന്ന ആക്ഷേപം കരാറുകാർ ഉന്നയിക്കുന്നതായി കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് വിശദമായി പരിശോധിച്ചതിൽ നിന്നും പദ്ധതികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലുകളിലും, കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം നൽകുന്ന ഒബ്സെർവേഷൻ മെമ്മോകളിലും അതത് പദ്ധതി നിർവഹണ ഏജൻസികൾ സമയബന്ധിതമായി നടപടികൾ എടുക്കാത്തതിനാൽ ചില കാലതാമസങ്ങളുണ്ടായതായി കണ്ടെത്തുകയും, ഇത് പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ പദ്ധതി നിർവഹണ ഏജൻസികൾക്ക് നൽകുകയും അതനുസരിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (സി) | കരാറുകാർക്കുള്ള കുടിശിക സമയബന്ധിതമായി തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതി നിർവഹണ ഏജൻസികൾ സമർപ്പിക്കുന്ന ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കു. പോരായ്മകൾ ഇല്ലാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി അംഗീകാരം നൽകിയ ശേഷവും പണം നൽകുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ